# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5530** **25.10.11-ൽ മറുപടിക്ക്**

**വയനാട് ചുരം ഡിവിഷൻ ഓഫീസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ വടകരയിൽ സ്ഥിതി ചെയ്യുന്ന വയനാട് ചുരം ഡിവിഷൻ ഓഫീസ് എന്നാണ് നിലവിൽ വന്നത് ; വയനാട് ചുരം ഡിവിഷൻ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) 22.01.1993 മുതൽ • ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഈ ഡിവിഷന്റെ കീഴിൽ എത്ര സബ് ഡിവിഷൻ സെക്ഷൻ ഓഫീസുകളുണ്ട് ; അവ എവിടെയൊക്കെയാണ് സ്ഥിതി ചെയ്യുന്നത്; | (ബി) ഒരു സബ് ഡിവിഷനും രണ്ടു സെക്ഷൻ ഓഫീസുകളുമുണ്ട്. സബ് ഡിവിഷൻ വടകരയിലും സെക്ഷൻ ഓഫീസുകൾ വടകര, താമരശ്ശേരി എന്നിവിടങ്ങളിലും സ്ഥിതിചെയ്യുന്നു. |
| (സി) ഈ ഡിവിഷന്റെ കീഴിൽ എത്ര റോഡുകൾ ഉണ്ട് ; അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ; | (സി) 6 റോഡുകൾ<br>1. തലശ്ശേരി - ബാവലി റോഡ്-12.400 കി.മീ<br>2. കൊട്ടിയൂർ - ബോയ്സ് ഠൗൺ റോഡ്-6.270 കി.മീ<br>3. മുട്ടുങ്കൽ - പത്രംതളറോഡ് -11.370 കി.മീ<br>4. കടിയങ്ങാട് - പെരുവണ്ണാമൂഴി റോഡ്- 7 കി.മീ.<br>5. പെരുവണ്ണാമൂഴി - പൂഴിത്തോട് റോഡ് - 9.400 കി.മീ.<br>6. പൂഴിത്തോട് - പടിഞ്ഞാറെത്തറ റോഡ്- 27.225 കി.മീ |
| (ഡി) വയനാട് ബദൽ റോഡുകൾ ഈ ഡിവിഷന്റെ പരിധിയിലാണോ ; ബദൽ റോഡുകളുടെ ഇൻവെസ്റ്റിഗേഷനും റിപ്പോർട്ടും തയ്യാറാക്കുന്നത് ചുരം ഡിവിഷനാണോ ; | (ഡി) ബദൽ റോഡ് ആയ പൂഴിത്തോട്-പടിഞ്ഞാറെത്തറ റോഡ് മാത്രമാണ് വടകര ഡിവിഷന്റെ കീഴിൽ വരുന്നത്. ഇത് സംബന്ധിച്ച് തീരുമാനമായിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളുമായി ബന്ധിപ്പിക്കുന്ന വയനാട്ടിലെ ചുരം റോഡുകളുടെ സംരക്ഷണ ചുമതലയുള്ള ഈ ഡിവിഷൻ വയനാട് ജില്ലയിൽ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ ; അവ എന്തെല്ലാമെന്നു വിശദമാക്കുമോ; ഇല്ലെങ്കിൽ ആയതിനുവേണ്ട നടപടി സ്വീകരിക്കാമോ ; | (ഇ) | മലപ്പുറം ജില്ലയിലെ ചുരം റോഡ് സംരക്ഷണം ടി ഡിവിഷനെ ഏൽപ്പിച്ചിട്ടില്ല. വയനാട് ജില്ലയിൽ 18.340 കി.മീ റോഡും കണ്ണൂർ ജില്ലയിൽ 18.670 കി.മീ റോഡും, കോഴിക്കോട് ജില്ലയിൽ 36.655 കി.മീ റോഡും വടകര ആസ്ഥാനമായുള്ള ചുരം റോഡ് ഡിവിഷന്റെ സംരക്ഷണ ചുമതലയിൽ ഉണ്ട്. |
| (എഫ്) | താമരശ്ശേരിചുരം റോഡ് എൻ.എച്ച-212 അപകടാവസ്ഥയിലായതിനാൽ വയനാട്ടിലേക്കുള്ള ബദൽ റോഡുകളായി പരിഗണനയിലുള്ളത് ഏതെല്ലാം റോഡുകളാണെന്നു വിശദമാക്കുമോ ; | (എഫ്) | പൂഴിത്തോട് പടിഞ്ഞാറെത്തറ ബദൽ റോഡ് (27.225 കി.മീ). ഇതിൽ 16.79 കി.മീ വനത്തിലൂടെയാണ്. ഇതിനായി 23.50 ഹെക്ടർ വനഭൂമി ആവശ്യമാണ്. ആയത് വിട്ടുതരാൻ നിർവ്വാഹം ഇല്ലായെന്ന് കേന്ദ്രവനം-പരിസ്ഥിതി വകുപ്പ് മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കൂടാതെ ചിപ്പിലിത്തോട് മരുതിലാവ് - തളിപ്പുഴ റോഡ്, ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി റോഡ്, കടിയങ്ങാട് -പെരുവണ്ണാമൂഴി - പൂഴിത്തോട് പടിഞ്ഞാറെത്തറ റോഡ്, തൊണ്ടർനാട് കുഞ്ഞോം - വിലങ്ങാടു റോഡ്-മേപ്പാടി ചൂരൽമല പോത്തുകല്ല് - നിലമ്പൂർ റോഡ് എന്നിവകൂടി പരിഗണനയിലുണ്ട്. |
| (ജി) | നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വയനാട് ബദൽ റോഡുകൾക്ക് എന്തെങ്കിലും മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെന്ന് വിശദമാക്കുമോ ; | (ജി) | ഇല്ല. |
| (എച്ച്) | നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വയനാട് ബദൽ റോഡുകളുടെ നിർമ്മാണ ചെലവ്, ദൈർഘ്യം, ആവശ്യമായിട്ടുള്ള വന-സ്വകാര്യഭൂമി എന്നിവ നിർണ്ണയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദവിവരം ലഭ്യമാക്കുമോ ; | (എച്ച്) | ഇല്ല. പ്രാഥമിക പഠനം മാത്രമേ ഇക്കാര്യത്തിൽ നടത്തിയിട്ടുള്ളൂ. ആയതിനാൽ വിശദമായ പഠനശേഷമേ കൂടുതൽ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (ഐ) | ഇതിൽ ഇപ്പോൾ മരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ളതും പ്രവൃത്തി നടത്തിയതോ നടത്തിക്കൊണ്ടിരിക്കുന്നതോ ആയ റോഡുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ഏതെന്ന് വ്യക്തമാക്കുമോ ? | (ഐ) | നിർദ്ദിഷ്ട ബദൽ റോഡുകളിൽ വനഭൂമി ഒഴികെയുള്ള ഭാഗം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലാണ്. |

Sobha

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.